# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3725** **11.12.2018 ൽ മറുപടിയ്ക്ക്**

## വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാഹന പരിശോധന കഴിഞ്ഞതിനുശേഷം സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് (ഫോം നമ്പർ 38) റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസിൽ നിന്ന് ഏതുവഴിയാണ് വാഹന ഉടമകൾക്ക് എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ട്രാൻസ്പോർട്ട് (വാണിജ്യ) വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (ഫോം നമ്പർ 38) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഫിറ്റ്നസ് ടെസ്റ്റ് പാസ്സാകുന്ന അതേ ദിവസം തന്നെ നേരിട്ട് ഉടമയ്ക്കോ ഡ്രൈവർക്കോ ഉടമ ചുമതലപ്പെടുത്തുന്നയാളിനോ വാഹനം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥൻ നൽകുന്നതാണ്. |
| (ബി) | ആർ.ടി.ഒ ഓഫീസിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നെസ് ലഭിക്കാത്ത പക്ഷം വെബ് സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുത്താൽ അതിന് നിയമപരമായ സാധ്യതയും അംഗീകാരവും ഉണ്ടായിരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | നിയമപരമായ സാധുതയും അംഗീകാരവും ഉണ്ടായിരിക്കു ന്നതല്ല. |
| (സി) | സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് (ഫോം നമ്പർ 38) വാഹന ഉടമകൾക്ക് നേരിട്ടാണോ ഏജന്റ് വഴിയാണോ തപാൽവഴിയാണോ മോട്ടോർ വാഹന വകുപ്പ് ഓഫീസിൽ നിന്ന് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നേരിട്ടാണ് നൽകുന്നത്. |
| (ഡി) | ഇൻസ്പെക്ഷൻ കഴിയുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകാൻ വ്യവസ്ഥയുണ്ടോ എന്നും എങ്കിൽ ആ ദിവസം സ്വീകരിക്കാൻ ബന്ധപ്പെട്ട വാഹന ഉടമ ഓഫീസിൽ എത്താത്തപക്ഷം സർട്ടിഫിക്കറ്റ് ആര് എവിടെ സൂക്ഷിക്കുമെന്നും പിന്നീട് ആരാണത് നൽകുക എന്നും വ്യക്തമാക്കാമോ? | (ഡി) | വാഹനം പരിശോധിച്ച് ഫോം നമ്പർ 38 ഒപ്പിടുന്ന മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ സൂക്ഷിക്കുന്നതും അന്നുതന്നെ യോ പിന്നീട് വാഹന ഉടമയ്ക്കോ വാഹന ഉടമ രേഖാമൂലം അധികാരപ്പെടുത്തിയ വ്യക്തിക്കോ നേരിട്ട് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ